# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5516** **01/07/2019-ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് രൂപീകരണവും ജീവനക്കാരുടെ പുനർവിന്യാസവും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, കെ.സി.ജോസഫ്<br>,, പി.ടി. തോമസ്<br>,, അനിൽ അക്കര | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായി സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിലെ നിലവിലുള്ള ജീവനക്കാരെ പുനർ വിന്യസിക്കുന്നത് സംബന്ധിച്ച് ഹ്യൂമൻ റിസോഴ്സ് പോളിസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാന, ജില്ല സഹകരണ ബാങ്കുകളിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച ഹ്യൂമൻ റിസോഴ്സ് പോളിസി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; പ്രസ്തുത ചർച്ചയിൽ ജീവനക്കാർക്ക് നൽകിയ ഉറപ്പുകൾ വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും നിയമനനിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ